41793

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - വരുമാന സർട്ടിഫിക്കറ്റ്, വിധവ സർട്ടിഫിക്കറ്റ്, നോൺറീമാര്യേജ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള മാനദണ്ഡം - ഭേദഗതി വരുത്തി ഉത്തരവ്പുറപ്പെടുവിക്കുന്നു.

---

## റവന്യൂ (റ്റി) വകുപ്പ്

സർക്കാർ ഉത്തരവ് (കൈ)405/14/ആർ.ഡി. തിരുവനന്തപുരം, തീയതി, 20.09.2014.

പരാമർശം:-
1) 27.04.2007-ലെ സ.ഉ(കൈ) നം. 136/2007/ആർ.ഡി.
2) 01.10.2007-ലെ സ.ഉ(കൈ) നം. 351/2007/ആർ.ഡി.
3) 25.04.2013-ലെ സ.ഉ(അച്ചടിച്ചത്) നം. 160/2013/ആർ.ഡി.
4) ലാന്റ് റവന്യൂ കമ്മീഷണറുടെ 23.05.2014-ലെ എൽ.ആർ (ഐ.റ്റി.സെൽ) -7472/09 നമ്പർ കത്ത്.

## ഉത്തരവ്

വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പുനഃക്രമീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് സുഗമമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ മാതൃകാ അപേക്ഷാ ഫോറവും സാക്ഷ്യപത്രവും അടങ്ങുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പരാമർശം (2) പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്, പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ്, എന്നിവ പ്രത്യേകമായാണ് നൽകി വരുന്നത് എന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുതലായ സ്ഥാപനങ്ങളിൽ ആനുകൂല്യം ലഭിക്കുന്നതിന് വിധവാ സർട്ടിഫിക്കറ്റിനൊപ്പം ഉദ്യോഗാർത്ഥി പുനർവിവാഹം ചെയ്തിട്ടില്ല എന്ന് കൂടി സർട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലേ അത്തരക്കാർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യം ലഭിക്കുകയുള്ളൂ എന്നുള്ളതിനാൽ വീണ്ടും ഉദ്യോഗാർത്ഥിക്ക് വില്ലേജ്/താലൂക്ക് ഓഫീസിനെ സമീപിക്കേണ്ടി വരുന്നുവെന്നും ഇപ്രകാരം ഒരേ ആവശ്യത്തിനായി നിരവധി തവണ ഉദ്യോഗാർത്ഥിക്ക് പ്രസ്തുത ഓഫീസിനെ സമീപിക്കേണ്ട സാഹചര്യം ഉണ്ടാകുന്നതായി അറിയുന്നു. എന്നാൽ ടി സർട്ടിഫിക്കറ്റുകൾ യഥാവിധി ഹാജരാക്കിയാൽ മാത്രമേ ഉദ്യോഗാർത്ഥിയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുവാൻ നിർവ്വാഹമുള്ളൂ എന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും മററും ഹാജരാക്കുന്നതിനായി "പുനർവിവാഹിതയല്ല" എന്നു കൂടി ചേർത്ത് സർട്ടിഫിക്കറ്റ് നൽകുന്നത് അഭികാമ്യമായിരിക്കും എന്ന് ലാന്റ്

റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടപ്പിലാക്കുന്ന 'കെസ്റു', തുടങ്ങിയ സ്വയം തൊഴിൽ പദ്ധതിയ്ക്കായി അപേക്ഷയോടൊപ്പം ഹാജരാക്കുന്ന വരുമാന സർട്ടിഫിക്കറ്റിൽ വ്യക്തിഗത വരുമാനം രേഖപ്പെടുത്താറില്ലാത്തതിനാൽ സ്വയം തൊഴിലിനായി അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും വരുമാന സർട്ടിഫിക്കറ്റ് നൽകുമ്പോൾ വ്യക്തിഗത വരുമാനം കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നും ലാന്റ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം നൽകുന്ന വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റിൽ നിലവിലുള്ള വിവാഹാവസ്ഥ വ്യക്തമാക്കുന്ന പുന:വിവാഹിത(ൻ) ആണ്/അല്ല എന്നു കൂടി രേഖപ്പെടുത്തി നൽകുന്നതിനും പരാമർശം (3) പ്രകാരം നൽകുന്ന വരുമാന സർട്ടിഫിക്കറ്റിൽ അപേക്ഷകൻ ആവശ്യപ്പെടുന്ന പക്ഷം കുടുംബ വരുമാനത്തോടൊപ്പം വ്യക്തിഗത വരുമാനം കൂടി രേഖപ്പെടുത്തി നൽകേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

3. പരാമർശം ഒന്നു മുതൽ മൂന്ന് വരെയുള്ള സർക്കാർ ഉത്തരവുകൾ മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ജോക്കോസ് പണിക്കർ.പി.ഐ**
ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
സെക്രട്ടറി, ലാന്റ് ബോർഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും,
എംപ്ലോയ്മെന്റ് ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർ (മാധ്യമങ്ങൾക്കു നൽകുന്നതിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സംഭരണ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Valsala 8-8

സെക്ഷൻ ഓഫീസർ